മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, അങ്ങ് തമിഴ്നാട്ടിലെ ദുരന്ത സംഭവത്തെക്കുറിച്ചുള്ള അനുശോചനം രേഖപ്പെടുത്തുന്നതിനിടയിൽ ഇത്തരം സംഭവങ്ങൾ സൂക്ഷിച്ചില്ലെങ്കിൽ എവിടേയും ഉണ്ടാകാമെന്നുള്ള സൂചന നൽകിയിരുന്നു. തമിഴ്നാട് സംഭവമുണ്ടാക്കിയ നടുക്കത്തിന്റെ അന്തരീക്ഷത്തിൽ എല്ലായിടത്തും പരിഭ്രാന്തിയുണ്ട്.. ഞാൻ ഉടൻതന്നെ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടിയന്തിരമായി നമ്മുടെ എല്ലാ സ്ക്കൂൾ കെട്ടിടങ്ങളുടേയും സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ശ്രദ്ധചെലുത്തണം. ജില്ലാ കളക്ടർമാരും, വിദ്യാഭ്യാസ വകുപ്പും, ലോക്കൽ ബോഡീസും കൂടി സഹകരിച്ചുകൊണ്ട് അടിയന്തിരമായി സ്ക്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിന് പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തമിഴ്നാട്ടിൽ ഉണ്ടായിട്ടുള്ള ദുഃഖകരമായ സംഭവത്തെത്തുടർന്ന് പല മേഖലകളിൽനിന്നുമുള്ള സഹായങ്ങൾ ഇവിടെ എത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ വകയായി ഒരു സഹായം ഈ അവസരത്തിൽ നൽകുന്നത് നന്നായിരിക്കുമെന്ന് ചെയറിന്റേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പ് മാത്രമല്ല ജില്ലാ കളക്ടർമാരുടേയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും, കുട്ടികളുമായി ബന്ധപ്പെട്ടുള്ള എല്ലാ സ്ഥാപനങ്ങളുടേയും സുരക്ഷിതത്വം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകാം.....(ബഹളം).....സംഭവം ഉണ്ടായ ഉടൻതന്നെ നിർദ്ദേശം കൊടുത്തു. ഇന്ന് സഭയിലുള്ള എല്ലാ മെമ്പർമാരുടേയും ഭാഗത്തുനിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഞാൻതന്നെ മുൻകൈയെടുത്ത് ഒരു യോഗം വിളിച്ചുകൂട്ടി ഓലമേഞ്ഞ എല്ലാ കെട്ടിടങ്ങളുടേയും സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതായിരിക്കും.

IV. അടിയന്തിരപ്രമേയം

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ജവഹർ കോളനിയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ കൊലപ്പെടുത്തിയത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ രാത്രി തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ജവഹർ കോളനിയിൽ ഒരു സംഘം ഗുണ്ടകൾ മാരകായുധങ്ങളുമായി എത്തി ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ അക്രമം നടത്തുകയും ഡി.വൈ.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റ് ദിൽഷാദ് (23)-നെ വെട്ടി കൊലപ്പെടുത്തുകയും സെക്രട്ടറി ഷിബു (21)-നെ ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്. കൊലപാതകത്തെത്തുടർന്ന് ആ പ്രദേശത്താകെ ജനങ്ങൾ ഉത്കണ്ഠാകുലരായിരിക്കുകയാണ്. അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വശ്രീ പിരപ്പൻകോട് മുരളി, കെ: പി. രാജേന്ദ്രൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ്, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, തിരുവനന്തപുരം നെടുമങ്ങാട് പെരിങ്ങമല ജവഹർ കോളനിയിൽ താമസം ദിൽഷാദിനേയും പാലോട് എഴുകുടിയിൽ ഷിബുവിനേയും 18-7-2004-ന് രാത്രി ഏഴര മണിയോടെ ഉദ്ദേശം 25 ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകർ ചേർന്ന് അടിച്ചും വെട്ടിയും പരിക്കേൽപ്പിച്ചു. പരിക്കേറ്റവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടു പോകുകയും ചികിത്സയിലിരിക്കെ ദിൽഷാദ് മരണപ്പെട്ടിട്ടുള്ളതുമാണ്. ഈ കാര്യത്തിന് ഇൻഡ്യൻ ശിക്ഷാ നിയമം 302, 307 എന്നീ വകുപ്പുകൾ ഉൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് ക്രൈം 167/04-ാം നമ്പരായി പാലോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരിച്ച ദിൽഷാദ് ജവഹർ കോളനിയിലെ ഡി.വൈ.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റും ചികിത്സയിൽ കഴിയുന്ന ഷിബു യൂണിറ്റ് സെക്രട്ടറിയുമാണ്. ഇക്കാര്യത്തിൽ പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തുകയും സംഭവുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന നാലു പേരെ ചോദ്യം ചെയ്യുന്നതിനായി പിടികൂടുകയും ചെയ്തിട്ടുണ്ട്. റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സുശക്തമായ പോലീസ് പാർട്ടി ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ നിരീക്ഷിക്കുന്നുണ്ട്. സംഭവ സ്ഥലത്ത് പോലീസ് പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ അവിടെ പരിഭ്രാന്തി നിലനിൽക്കത്തക്ക സ്ഥിതിവിശേഷം ഒന്നും തന്നെയില്ല

ശ്രീ. പിരപ്പൻകോട് മുരളി : സർ, വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽപ്പെട്ട ജവഹർ കോളനി പ്രദേശത്ത് ഇന്നലെ രാത്രി എട്ടര മണിക്ക് ഡി.വൈ.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റ് ദിൽഷാദിനേയും സുഹൃത്തായ ഷിബുവിനേയും ഒരു സംഘം ആർ.എസ്.എസ്.-കാർ കടന്നാക്രമണം നടത്തി അവരെ വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തു. ഗുരുതരമായ പരിക്കുകളോടെ ദിൽഷാദിനേയും ഷിബുവിനേയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമാണ് ചെയ്തത്. സംഭവം അറിഞ്ഞ് ഞാൻ ആശുപത്രിയിൽ എത്തി. ഗുരുതരമായി പരിക്കേറ്റ ദിൽഷാദ് 11.30 മണിയോടുകൂടി മരിച്ചു. ഷിബു ഇപ്പോഴും ചികിത്സയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേസ് എടുത്തിട്ടുണ്ട് എന്ന് രാത്രി എസ്.പി.-യെ വിളിച്ചപ്പോൾ അറിയിച്ചു. പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇത് കഴിഞ്ഞ രണ്ടു മാസക്കാലമായി അവിടെ നടക്കുന്ന സംഭവത്തിന്റെ തുടർച്ചയാണ്. ജവഹർ കോളനി പ്രദേശം വളരെ ശാന്തമായ പ്രദേശമാണ്. അവിടെ രാഷ്ട്രീയ സംഘർഷങ്ങളോ മറ്റ് സംഘർഷങ്ങളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് ആർ.എസ്.എസ്. ഒരു ശാഖ അവിടെ ആരംഭിക്കാൻ തീരുമാനിക്കുന്നത്. അവിടെ ആർ.എസ്.എസ്.-ന് വേണ്ടത്ര ശക്തിയില്ലാത്തതുകൊണ്ട് പാങ്ങോട് പഞ്ചായത്തിലെ ഭരതന്നൂരിൽപ്പെട്ട പാറമുകൾ എന്ന സ്ഥലത്തുനിന്ന് ട്രെയിൻഡ് വോളന്റിയേഴ്സിനെ കൊണ്ടുവന്ന് ജവഹർ കോളനിയിലെ മൂന്ന് നാല് ചെറുപ്പക്കാരേയും ചേർത്ത് ജവഹർ കോളനിയിലെ ഗവൺമെന്റ് യു.പി.എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൗണ്ടിൽ ഡ്രിൽ ആരംഭിക്കാൻ ശ്രമിച്ചു. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ അവിടെയുള്ള മുഴുവൻ ആളുകളും പറഞ്ഞു, സംഘർഷമില്ലാത്ത ശാന്തമായ പ്രദേശത്ത് നിങ്ങൾ കുഴപ്പം ഉണ്ടാക്കരുത്, നിങ്ങൾ ഡ്രിൽ നിർത്തി പോകണം എന്ന്. അവർ തൽക്കാലം ഡ്രിൽ നിർത്തിവച്ചു എങ്കിലും വീണ്ടും തുടങ്ങാൻ ആരംഭിച്ചപ്പോൾ നാട്ടുകാർ മാസ് പെറ്റീഷനുമായി പാലോട് പോലീസ് സ്റ്റേഷനെ സമീപിച്ചു. പോലീസ് അത് സ്വീകരിച്ചു എങ്കിലും യാതൊരു നടപടിയും എടുത്തില്ല. അപ്പോൾ നാട്ടുകാർ സംഘടിതമായി ഗവൺമെന്റ് സ്കൂളിന്റെ കോംപൗണ്ടിൽ യാതൊരു കാരണവശാലും ആർ.എസ്.എസ്-ന്റെ ഡ്രിൽ നടത്താൻ സമ്മതിക്കില്ല എന്ന നിലപാട് സ്വീകരിച്ചു. അതിനെത്തുടർന്ന് ആർ. എസ്. എസ്.-കാർ ചില ദിവസങ്ങളിൽ വാഹനങ്ങളിൽ കൂട്ടമായി ആയുധങ്ങളുമായി വന്ന് നാട്ടുകാരെ ഭീഷണിപ്പെടുത്തുക പതിവായി. അത് ഡി.വൈ.എഫ്.ഐ.-ക്കാർക്ക് മാത്രം എതിരായിട്ടല്ലായിരുന്നു. നാട്ടുകാർക്ക് പൊതുവിൽ എതിരായിട്ടായിരുന്നു അവിടുത്തെ ആർ.എസ്.എസ്-ന്റെ ഭീഷണി. ഇത് ഞാനടക്കം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പോലീസ് നടപടി സ്വീകരിച്ചില്ല. കഴിഞ്ഞ 16-ാം തീയതി നിർഭാഗ്യവശാൽ ചെറിയ ഒരു സംഭവമുണ്ടായി. ദിൽഷാദിന്റെ കൂട്ടുകാരന്റെ വീട്ടിലേയ്ക്ക് ചെറിയ ഒരു പിക്-അപ് വാനിൽ വിറക് കൊണ്ടു വന്നു. ആ വിറക് ഇറക്കിയിട്ട് അവർ തൊട്ടുതാഴെയുള്ള തോട്ടിൽ കുളിക്കാൻ ഇറങ്ങുമ്പോൾ ആർ.എസ്.എസ്.-കാർ അവിടെ ചെന്ന് വെല്ലുവിളിച്ചു. അവരെല്ലാംകൂടി തിരിച്ചുകയറി വന്നപ്പോൾ ആർ. എസ്. എസ്.-കാർ പോകുകയും ചെയ്തു. പക്ഷേ അന്നുതന്നെ ആർ.എസ്.എസ്.-കാരനായ ഗൗതമൻ എന്നയാൾ പാലോട് പോലീസ് സ്റ്റേഷനിൽ അയാളെ തല്ലി എന്നു പറഞ്ഞ് ഒരു കേസ് കൊടുത്തു. അതിന്റെ അടുത്ത ദിവസം 17-ാം തീയതി ഡി.വൈ.എഫ്.ഐ.-ക്കാരെ വിളിച്ചു. പെറ്റീഷൻ ഉള്ളതുകൊണ്ട് പോലീസിന്റെ സാന്നിധ്യത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ആർ.എസ്.എസ്.-കാരേയും ഡി.വൈ.എഫ്.ഐ.-ക്കാരേയും വിളിപ്പിച്ചു. ഡി.വൈ.എഫ്.ഐ.-കാർ ചെന്നു. ആർ.എസ്.എസ്-കാർ ചെന്നില്ല. അപ്പോൾത്തന്നെ ഡി.വൈ.എഫ്.ഐ.-കാർ പോലീസിനോട് പറഞ്ഞു എതോ പ്രശ്നമുണ്ടാക്കാൻ വേണ്ടിയാണ് ആർ.എസ്.എസ്-കാർ വരാത്തത് എന്ന്. ദിൽഷാദിനെ കൊല്ലുമെന്ന് അവർ പരസ്യമായി വെല്ലുവിളിക്കുന്ന കാര്യം ഡി.വൈ.എഫ്.ഐ.-കാർ പോലീസ് സ്റ്റേഷനിൽ ചെന്നു പറഞ്ഞു. അപ്പോൾ പോലീസ് പറഞ്ഞത് അങ്ങനെ ആരെങ്കിലും നേരിട്ട് പറഞ്ഞിട്ട് കൊല്ലാൻ വരുമോ, അതൊക്കെ വെറുതെ തമാശ പറഞ്ഞതാണ് എന്നാണ്. നിങ്ങൾ ഭീരുക്കളാകരുത് എന്നൊക്കെ നിസ്സാരമാക്കിയാണ് പോലീസ് ഈ വിഷയത്തെ കൈകാര്യം ചെയ്തത്. അവിടെ കഴിഞ്ഞ ഒന്നൊന്നര മാസക്കാലമായി സംഘർഷം നടക്കുകയാണെന്ന് പോലീസിന് നന്നായിട്ട് അറിയാം. കക്ഷിരാഷ്ട്രീയ ഭേദമെന്യേ ആ പ്രദേശത്തെ കടക്കാരേയും നാട്ടുകാരേയും ആർ.എസ്.എസ്.-കാർ ഭീഷണിപ്പെടുത്തുമ്പോൾ അതിനെതിരെ ഒരു ചെറുവിരൽ അനക്കാൻ പോലും പോലീസ് തയ്യാറായിട്ടില്ല. അതിനെത്തുടർന്ന് ഗവൺമെന്റ് സ്കൂളിൽ ഡ്രിൽ നടത്തിയതിനെതിരെ ഒരു കേസുപോലും രജിസ്റ്റർ ചെയ്യാൻ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിലാണ് ഇന്നലെ രാത്രി 8.30 മണിയോടുകൂടി "24 അനി" എന്നു പറയുന്ന ആർ.എസ്.എസ്. ഗുണ്ടയായ ഗോപന്റെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമീപപ്രദേശങ്ങളിൽ നിന്നും പത്തിരുപത്തിയഞ്ച് ആളുകൾ, അതിൽ ഭൂരിഭാഗവും വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട പാങ്ങോട് പഞ്ചായത്തിലെ ഭരതന്നൂരിലെ പാറമുകൾ എന്ന സ്ഥലത്തുനിന്നായിരുന്നു കൊലയാളികൾ എത്തിയത് എന്നാണ് മനസിലാക്കാൻ സാധിച്ചത്. ദിൽഷാദ് എന്നു പറയുന്ന ചെറുപ്പക്കാരൻ ഇതുവരെ ഒരു കേസിലും പ്രതിയായിട്ടുള്ള ആളല്ല. 23 വയസ് പ്രായമേയുള്ളു. അബ്ദുൾ സമദ് എന്നു പറയുന്ന ഒരാളുടെ അഞ്ചു മക്കളിൽ ഏറ്റവും ഇളയവനാണ്; ഗ്രാഡുവേറ്റാണ്. ഷിബു പറയുന്നത് ഇക്ബാൽ കോളേജിൽ ഇന്ന് ഡിഗ്രിക്ക് അഡ്മിഷനുവേണ്ടി കാർഡ് കിട്ടി പോകാനിരുന്ന കുട്ടിയാണ് ദിൽഷാദ് എന്നാണ്. പക്ഷേ യാദൃശ്ചികമായി അവിടെ ഒരു ബഹളമുണ്ടായി. ആദ്യമൊരു അടിയുണ്ടായി. ആ അടിയിൽ ദിൽഷാദ് വീണു. വീണസ്ഥലത്തിട്ടാണ് വെട്ടിയത്. യഥാർത്ഥത്തിൽ ഇക്കാര്യത്തിൽ പോലീസ് കേസ് എടുത്തു എന്നുള്ളത് ശരിയാണ്. കേസെടുക്കാൻ മാത്രമല്ലല്ലോ പോലീസ്. ഇങ്ങനെയൊരു അവസ്ഥയുണ്ടായാൽ, പ്രശ്നമുണ്ടായാൽ അവിടെ സംഘർഷം ഉണ്ടാകുമെന്ന് ബോധ്യമായാൽ പോലീസ് അതിനനുസരിച്ചുള്ള സംവിധാനം ഉണ്ടാക്കേണ്ടേ? കഴിഞ്ഞ രണ്ട് മാസക്കാലമായി നാട്ടുകാരടക്കം മാസ് പെറ്റീഷൻ കൊടുത്തിട്ടും യാതൊന്നും ശ്രദ്ധിക്കാത്ത പോലീസ്, യാതൊന്നിനും മുൻകൈ എടുക്കാത്ത പോലീസാണ് ഇപ്പോൾ കേസ് എടുത്തു എന്ന് പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് സാധാരണ അടിയന്തിര പ്രമേയത്തെ കൈകാര്യം ചെയ്യുന്നതുപോലെ ഇതും കൈകാര്യം ചെയ്യാതെ, ഞാൻ പറഞ്ഞതിൽ എന്തെങ്കിലും വസ്തുതാവിരുദ്ധമായ കാര്യമുണ്ടെന്ന് കണ്ടാൽ ഞാനിത് പിൻവലിക്കാൻ തയ്യാറാണ്. ഞാൻ ഒന്നിലധികം തവണ പോലീസിനോട് പറഞ്ഞതാണ്. അവിടെ സംഘർഷാവസ്ഥയുണ്ട്. നിങ്ങൾ സൂക്ഷിക്കണം അല്ലെങ്കിൽ നമ്മൾ പിടിച്ചാൽ നിൽക്കാത്ത അവസ്ഥയിലേയ്ക്ക് എത്തും എന്ന്. അപ്പോൾ രണ്ട് ചെറുപ്പക്കാർ, ഒരു ക്രിമിനൽ കുറ്റവും ചെയ്യാത്ത, യാതൊന്നും ചെയ്യാത്ത രണ്ടു പേരിൽ ഒരാളെ കൊലപ്പെടുത്തുകയും ഒരാളെ വെട്ടിപരിക്കേൽപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആ പ്രദേശത്തെ ഏത് രാഷ്ട്രീയക്കാരെ വിളിച്ച് ചോദിച്ചാലും അറിയാം ആർ. എസ്. എസ്.-കാർ വെളിയിൽനിന്ന് വന്ന് പ്രശ്നമുണ്ടാക്കിയതാണെന്ന്. പോലീസ് കാണിച്ച ജാഗ്രതക്കുറവ്, അവർ കാണിച്ച നിസ്സംഗത, അവർ കാണിച്ച താൽപ്പര്യമില്ലായ്മ ഇതൊക്കെയാണ് ഈ ദാരുണ സംഭവത്തിന് ഇടനൽകിയത്. ഇന്ന് ആ പ്രദേശത്തെ ജനങ്ങൾ ഭയവിഹ്വലരാണ്. എന്തും സംഭവിക്കാവുന്ന അവസ്ഥയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത് സഭാ നടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണം. അതുപോലെ തന്നെ പോലീസിന്റെ അനാസ്ഥയെക്കുറിച്ച്, അതിന് ഉത്തരവാദികളായവരെക്കുറിച്ച്, അവിടുത്തെ പഴയ ഫയലുകളും പെറ്റീഷനും മറ്റും നോക്കി ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും അതുപോലെ തന്നെ കൊലയാളികളെ അടിയന്തിരമായി കസ്റ്റഡിയിൽ എടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം അതിന്റെ എല്ലാ ഗൗരവത്തോടുംകൂടിയാണ് ഗവൺമെന്റ് കാണുന്നത്. എന്തിന്റെ പേരിലായാലും കൊലപാതകങ്ങളും അതുപോലെയുള്ള അക്രമ സ്വഭാവങ്ങളും വച്ചു

പൊറുപ്പിക്കാവുന്നതല്ല. സംഭവം ഉണ്ടായ ഇന്നലെ രാത്രിയിൽത്തന്നെ നാലു പേരെ ചോദ്യം ചെയ്യാനായി അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രതികളേയും പിടികൂടുന്നതാണ്. അവർക്കെതിരായി കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. പ്രശ്നം ഒരിക്കലും ലാഘവബുദ്ധിയോടെ എടുക്കില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അതേ ഗൗരവത്തോടുകൂടി ഈ പ്രശ്നം കൈകാര്യം ചെയ്യും. കുറ്റക്കാർ ആരായിരുന്നാലും അവർക്കെതിരായി നടപടി ഉണ്ടാകും. എല്ലാവരേയും അറസ്റ്റ് ചെയ്യുകയും ശക്തമായ നടപടി ഉണ്ടാകുകയും ചെയ്യും. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. .....(ബഹളം)..... ബഹുമാനപ്പെട്ട മെമ്പർപോലും അങ്ങനെയൊരു പരാതി തന്നിട്ടില്ല. രണ്ട് മാസമായി ഇപ്പോഴാണ് സഭയിൽ ആദ്യമായി ഉന്നയിച്ചത്. മെമ്പർ എഴുതിത്തന്നാൽ പരിശോധിക്കാം; തീർച്ചയായും അന്വേഷിക്കാം. ഇപ്പോൾ സഭയിൽ പറഞ്ഞതല്ലാതെ നേരത്തെ ഇങ്ങനെയൊരു പരാതി ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല. മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാമല്ലോ. ഏതായാലും മെമ്പർ പറഞ്ഞ കാര്യം അന്വേഷിക്കാം. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ടകാര്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കുറ്റവാളികൾക്ക് എതിരെ കർശനമായ നടപടി എടുക്കുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞത് ആശ്വാസകരം തന്നെ. എന്നാൽ ഈ പ്രശ്നം നാട്ടുകാർ പോലീസിന്റെ ശ്രദ്ധയ്ക്ക് വിധേയമാക്കിയിട്ടും അതേക്കുറിച്ച് കരുതൽ നടപടികൾ എടുക്കണമെന്ന് ആവർത്തിച്ച് പോലീസിനോട് ആവശ്യപ്പെട്ടിട്ടും ഇക്കാര്യം അവർ ശ്രദ്ധിക്കുകപോലും ചെയ്തിട്ടില്ല. അതാണ് ഈ നിലയിൽ സംഭവങ്ങൾ എത്തിയതെന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ഇതിന് ഉത്തരവാദികളായ പോലീസുകാർക്കെതിരായി എന്തു നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നും അദ്ദേഹം ചോദിക്കുകയുണ്ടായി. അതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാതൊന്നും പറഞ്ഞിട്ടില്ല. പോലീസിന്റെ ഇതുപോലെയുള്ള നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായിട്ടാണ് ഒരാൾ മരണപ്പെട്ടത്. അതിൽ ഈ ഗവൺമെന്റിനും പോലീസിനും പങ്കില്ലേ? അന്യ സ്ഥലത്തുള്ള ഗുണ്ടകൾ വന്ന് ഭീഷണിപ്പെടുത്തുക, അക്രമം നടത്തുക തുടങ്ങിയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ അക്കാര്യം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ പോലീസ് ജാഗ്രത കാണിച്ചിട്ടില്ല. അതിന്റെ ഫലമായി വിലപ്പെട്ട ജീവൻ നഷ്ടപ്പെടുകയാണുണ്ടായത്. അതിന് കാരണഭൂതരായ ആളുകൾക്കെതിരായി ഗവൺമെന്റ് എന്ത് സമീപനമാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയേണ്ടതായിട്ടുണ്ട്.

ശ്രീ. എ. കെ. ആന്റണി : അവിടെ നടന്ന കൊലപാതകത്തെക്കുറിച്ചും കൊലപാതകങ്ങളിലേയ്ക്ക് വഴിവച്ച കാരണത്തെക്കുറിച്ചും തീർച്ചയായും പ്രത്യേകം അന്വേഷണം നടത്താം.

LIBRARY ARCHIVES Kerala Legislative Assembly